## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 125 28.10.2019- ൽ മറുപടിയ്ക്ക്

### പ്രവാസികൾക്ക് ലോക കേരള കേന്ദ്രവും യാത്രാക്കൂലി ഇളവും

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസി മലയാളികൾക്ക് കേരളവുമായുള്ള ബന്ധം ഊട്ടി ഉറപ്പിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ലോക കേരള കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട്. കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസി കാര്യ വകുപ്പിന്റെ അധീനതയിൽ മാവേലിക്കരയിലുള്ള ഭൂമിയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെ ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ വകയിരുത്തുകയും ഒരു കോടി നാൽപത് ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) | നോർക്കയുടെ പ്രവാസി തിരിച്ചറിയൽ കാർഡുടമകൾക്കും കുടുംബാംഗങ്ങൾക്കും എയർലൈൻ കമ്പനികൾ യാത്രാക്കൂലി യിനത്തിൽ ഇളവ് നൽകുന്നുണ്ടോ; ഏതൊക്കെ കമ്പനികൾ എത്ര ശതമാനം ഇളവാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | നൽകുന്നുണ്ട്. നോർക്കയുടെ പ്രവാസി തിരിച്ചറിയിൽ കാർഡുടമകൾക്കും കുടുംബാംഗങ്ങൾക്കും ഒമാൻ എയർവേയ്സിൽ യാത്രാ നിരക്കിൽ 7 ശതമാനം ഇളവ് ലഭിക്കുന്നുണ്ട്. |
| സി) | കൂടുതൽ വിമാന കമ്പനികളിൽ നിന്നും പ്രസ്തുത ഇളവ് നേടിയെടുക്കുവാൻ എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; അതിന്മേലുള്ള പുരോഗതി വിശദമാക്കാമോ? | സി) | ഉണ്ട്. ഇത് സംബന്ധിച്ചുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ